# Malayala Manorama

# 14 August 2018

# Kochi: Flood, Calamity

4 വർത്തമാനം CHN www.manoramaonline.com/news 2018 ഓഗസ്റ്റ് 14 ചൊവ്വ

# മഴമാലിന്യദുരിതം

## വീടു വൃത്തിയാക്കാൻ ചെലവേറും

■ പലരും സ്വയം ശുചീക
■ സമാശ്വാസ തുക എ

കാക്കനാട് • ദുരിത ബാധിത പ്രദേശങ്ങളിലെ വെള്ളം ഇറങ്ങിയ വീടുകളുടെ ശുചീകരണം പല കുടുംബങ്ങളും സ്വയം ഏറ്റെടുത്തിരിക്കുകയാണ്. തൊഴിലാളികളെ വച്ചു ശുചീകരണം നടത്താനാകുംവിധമുള്ള സാമ്പത്തിക സാഹചര്യത്തിലല്ല പല കുടുംബങ്ങളും. ഒന്നിലധികം ദിവസം ഒട്ടേറെ പേർ കഠിനാധ്വാനം ചെയ്താലേ പല വീടുകളും താമസയോഗ്യമാകൂ. ദിവസക്കൂലിക്കു തൊഴിലാളികളെ നിയോഗിക്കാമെന്നു വച്ചാൽ നാട്ടുനടപ്പുള്ള കൂലി നൽകാൻ പലർക്കും ശേഷിയില്ല. ഓരോ വീട്ടിലും കയറിയിട്ടുള്ള മാലിന്യം എത്രത്തോളമുണ്ടെന്നു വ്യക്തമായാലേ ശുചീകരണച്ചെലവു കണക്കാക്കാനാകൂ. പുറമേനിന്നു തൊഴിലാളികളെ ഉപയോഗിച്ചു ശുചീകരിക്കേണ്ടി വന്നാൽ പണിക്കാരനു 800-850 രൂപ പ്രതിദിനം നൽകേണ്ടി വരും.

തമിഴ്നാട്ടുകാരായ തൊഴിലാളികൾക്ക് 700- 750 രൂപയാണ് കൂലി. ബംഗാളിക്ക് 600- 650 രൂപ. ഒന്നിലധികം ദിവസം തൊഴിലാളികളെ നിർത്തി പണിചെയ്യിക്കേണ്ടി വന്നാൽ നല്ലൊരു തുക ഈ ഇനത്തിൽ കണ്ടെത്തേണ്ടി വരും. വീടുകൾക്കു പുറമെ ശുചിമുറികളും ശുചിമുറി ടാങ്കുകളും കിണറുകളുമൊക്കെ വെള്ള പ്ലാച്ചിലിൽ നശിച്ചിട്ടുണ്ട്. ഇവ അറ്റകുറ്റപ്പണി ചെയ്തെടുക്കാനും വലിയ തുക കുടുംബങ്ങൾ കണ്ടെത്തേണ്ടി വരും. സെപ്റ്റിക് ടാങ്കുകൾ നന്നാക്കാനും നാട്ടിൽ പ്രത്യേക വിഭാഗം തൊഴിലാളികളുണ്ട്. ഇവർക്കു ദിവസക്കൂലിയല്ല. വന്നു പരിശോധിച്ച ശേഷം മൊത്തം തുക പറയുകയാണു പതിവ്. പതിനായിരം മുതൽ മുകളിലോട്ടാണു തുക. കിണറുകൾ ശുദ്ധീകരിക്കാൻ സാധാരണ തൊഴിലാളികൾ ഇറങ്ങാറില്ല.

കിണർപണിക്കാർ എന്നൊരു വിഭാഗം നാട്ടിലുണ്ട്. ഇവരും കിണറിന്റെ അവസ്ഥ നോക്കിയശേഷം മൊത്തം തുകയേ പറയൂ. ആരോഗ്യ വകുപ്പും തദ്ദേശസ്ഥാപനങ്ങളും സന്നദ്ധപ്രവർത്തകരെയും ആരോഗ്യ പ്രവർത്തകരെയുമൊക്കെ ശുചീകരണത്തിനു നിയോഗിച്ചിട്ടുണ്ടെങ്കിലും എല്ലാ വീടുകളിലുമെത്തി സേവനം നടത്താവുന്ന്ത്ര ആൾബലമില്ല. ക്യാംപുകളിൽനിന്നു മടങ്ങിപ്പോകുന്നവർക്കു സമാശ്വാസ തുക നൽകാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ഇത് അവരുടെ കൈയിൽ നേരിട്ടു കൊടുക്കുന്നില്ല. അനർഹർ കൈപ്പറ്റുന്നതു തടയാൻ ഈ തുക ബാങ്കിൽ ഇട്ടു കൊടുക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്.



ആലുവാപ്പുഴയിൽ ജലനിരപ്പ് വീണ്ടും ഉയർന്നപ്പോൾ.

## പെരിയാറിൽ ജലനിരപ്പ് 80 സെമീ കൂടി

അഞ്
വെള്ള
തേലത്തുരുത്ത്
ണയാണു ചന്ദ്ര
സുതന്റെ വീ
കയറിയത്.
റിൽ ഇന്നലെ
രപ്പ് ഉയർന്ന

ഇനിയ
പുത്തൻവേലി
ക്കര ഗവ. എ
മുതിരാശ്രമം
നാലുനാൾ
വീട്ടിലേക്കു
ഴിഞ്ഞുരുത്ത്
ക്ക് ആശ
ഇന്നലെ ഇടമ
ഷട്ടറുകൾ തു
കൂടിയാർ കര